**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** **06-12-2022 - ൽ മറുപടിയ്ക്ക്**

**കിൻഫ്ര വ്യവസായ പാർക്ക് സ്ഥലമേറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ചെണ്ടയാട് നവോദയ കുന്നിൽ അഞ്ഞൂറ്റി ആറ് ഏക്കർ ഭൂമി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കിൻഫ്ര വ്യവസായപാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ11(1) പ്രകാരമുള്ള വിജ്ഞാപനം 30.11.2021 ന് പ്രസിദ്ധീകരിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | ഏറ്റെടുക്കൽ നടപടികൾ വൈകുന്നതുമൂലം പ്രസ്തുത ഭൂമിയിൽ വ്യാപകമായ ചെങ്കൽ ഖനനം നടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | അനധികൃത ചെങ്കൽ ഖനനത്തിനെതിരെ മിന്നൽ പരിശോധന ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അനധികൃത ഖനനത്തിലേർപ്പെട്ട വാഹനങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ കസ്റ്റഡിയിലെടുക്കുന്നതും പിഴ ചുമത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ ജില്ലാ ജിയോളജിസ്റ്റ് ഉൾപ്പെടെ ബന്ധപ്പെട്ടവർ മുഖാന്തരം ചെയ്തുവരുന്നു. അനധികൃത ഖനനത്തിലേർപ്പെട്ട ഭൂവുടമകളിൽ നിന്നും റോയൽറ്റി ഈടാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്രയുടെ മുൻഗണനാക്രമം പുന:പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (സി) | മേൽപറഞ്ഞ ഭൂമി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മുൻഗണനാക്രമത്തിൽ തന്നെയാണ് പരിഗണിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ